19
ആഗസ്റ്റ് 2023
ശനി
Pages- 5
Vol. 2 Issue 197

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

566

## പാശ്ചാത്യ ഉപരോധങ്ങൾ സിറിയയിലെ

# ക്രിസ്ത്യൻ സമൂഹത്തെ തളർത്തുകയാണെന്ന് സഭാ നേതാക്കൾ



ഉപരോധം അതിന്റെ ഉദ്ദേശിച്ച ലക്ഷ്യത്തേക്കാൾ, സിറിയൻ സർക്കാരിനേക്കാൾ ക്രിസ്ത്യാനികളിലാണ് പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നത്

പേജ് 3

## ക്രൈസ്തവരുടെ 20 ദേവാലയങ്ങളും 87 ഭവനങ്ങളും തകർത്ത് തീവ്ര ഇസ്ലാമിസ്റ്റുകൾ



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 19 ശനി



# പീഡനങ്ങൾ തുടർക്കഥയാകുമ്പോൾ

ഓരോ ദിവസവും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു ക്രിസ്ത്യാനികൾ നേരിടുന്ന പീഡനത്തിന്റെ നടുക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണല്ലോ. സംഭവിക്കുന്നതിന്റെ മൂന്നിലൊന്നു പോലും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല, പുറത്തുവരുന്നില്ല എന്നതാണു സത്യം. കഴിഞ്ഞ ചിലദിവസങ്ങളായി മണിപ്പൂരിൽ നിന്നു വരുന്ന വാർത്തകൾ അത്യന്തം ആശങ്കാജനകമാണ്. വംശഹത്യ എന്ന രഹസ്യ അജണ്ടയാണ് അവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു എന്നു ഏതൊരാൾക്കും മനസ്സിലാകും. മണിപ്പൂരിൽ ലഹളയും മനുഷ്യഗുരുതിയും ആരംഭിച്ചഘട്ടത്തിൽ അതൊരു പ്രത്യേക മതവിഭാഗത്തെ ലക്ഷ്യമിട്ടാണെന്നു റിപ്പോർട്ടുകൾ വന്നു കൊണ്ടിരുന്നപ്പോൾ; ഒരു ഓൺലൈൻ പത്രപ്രവർത്തകൻ ആ വാദത്തിന്റെ മുനയൊടിച്ചിട്ടു, മണിപ്പൂരിൽ നടക്കുന്നത് ഗോത്രസംഘർഷമാ ണെന്നു റിപ്പോർട്ടു ചെയ്തതിനു സ്വീകാര്യത കിട്ടുകയും വാർത്ത അതിദ്രുതം പരക്കുകയും ചെയ്തു. ഗോത്രസംഘർഷം അമർച്ച ചെയ്യുവാൻ സർക്കാരുകൾക്കു ഉത്തരവാദിത്വമില്ലേ?ചില ലക്കങ്ങൾക്കു മുമ്പു ഞാൻ ഈ പംക്തിയിൽ 'കൂർക്കംവലി' എന്ന ഒരു കുറിപ്പു എഴുതിയിരുന്നു. അതിന്റെ പിന്തുടർച്ചയായി എഴുതട്ടെ: മണിപ്പൂരിൽ നിന്നും ഉയർന്നു കേൾക്കുന്ന ദീനരോദനവും മുറവിളിയും പീഡിപ്പിക്കപ്പെടുന്നവരുടെ വിലാപങ്ങൾ അല്ല മണിപ്പൂർ /കേന്ദ്രസർക്കാരുകളുടെ കൂർക്കംവലിയുടെ ശബ്ദമാണ്. മനഃപ്പൂർവ്വം ഉറക്കം നടിക്കുന്നവരുടെ കൂർക്കംവലിശബ്ദം കേട്ടാൽ തിരിച്ചറിയുവാൻ കഴിയുമല്ലോ. ബംഗ്ലാദേശിൽ നിന്നും മ്യാൻമറിൽ നിന്നും കുടിയേറിയവരാണു കുക്കികൾ എന്നാണു ഇപ്പോൾ കേന്ദ്ര ഗവൺമെൻറിന്റെ വാദം. അതിനാലാണു മൗനം പാലിക്കുന്നതു പോലും.

ആ വാദം സത്യമാണെന്നിരിക്കട്ടെ. കുടിയേറി വന്നവരെ സംരക്ഷിക്കുവാൻ നമുക്ക് കഴിയില്ലേ? ശ്രീലങ്കയിൽ നിന്നും കുടിയേറിയ സിംഹളർ ഇന്നു കേരളത്തിൽ പ്രബലശക്തിയായി. അവർ ബുദ്ധമതം ഉപേക്ഷിച്ച് ഹിന്ദുക്കളായി. 'ജനിച്ച മണ്ണിൽ ജീവിക്കാനുള്ള അവകാശം,'എന്നതാണ് അവരുടെ ഇന്നത്തെ മുദ്രാവാക്യം. അവർ അതു പരമാവധി പ്രയോജനപ്പെടുത്തുന്നുമുണ്ട്. അങ്ങനെയെങ്കിൽ ആ അവകാശം കുക്കികൾക്കു ഇല്ലേ? ഇന്ത്യയിലെ മണ്ണിന്റെ മക്കൾ ദ്രാവിഡന്മാർ ആയിരുന്നു. സിന്ധു നദീതട, ഹാരപ്പമോഹൻജദാരോ സംസ്കാരം ഇന്ത്യയിലെ മണ്ണിന്റെ മക്കളുടേതായിരുന്നു. ഇവിടെ കുടിയേറിയ ആര്യന്മാർ ആ സംസ്കാരങ്ങളെ തച്ചുടച്ചു എന്നു ചരിത്രം പുനരെഴുത്തു നടത്തിയിരിക്കുകയാണ്. മേല്പറഞ്ഞ സംസ്കാരങ്ങൾക്കും എത്രയോ നാളുകൾക്കു ശേഷമാണു ആര്യാവർത്തം രൂപപ്പെട്ടുവരുന്നത്. ദ്രാവിഡരെ തെക്കേഇന്ത്യയിലേക്കു തള്ളിയ ചരിത്രമാണു മഹാബലിയും ഓണവും. ആര്യന്മാരും, പാർസികളും, യെഹൂദന്മാരും, അറബികളും, ഈഴവരും, മലബാറിലെ തീയ്യരും ഒക്കെ കുടിയേറിയവരാണ്. ദലൈലാമയും അനുയായികളും (അവർക്കു അവരുടേതായ ഭരണം വരെയുണ്ട്), ഗവിയിൽ താമസിക്കുന്ന തമിഴ് വംശജരും, രോഹിൻഗ്യകളും ഒക്കെ അഭയാർത്ഥികളായി ഇന്ത്യയിൽ എത്തിയവരാണ്. ഇവർക്കെല്ലാം തുല്യമായ സിവിൽ പരിഗണനയാണ് നല്കിവന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ക്രിസ്ത്യാനികൾ കുടിയേറിയവർ അല്ല. ക്രിസ്ത്യാനിത്വം ഇവിടെ പ്രചരിച്ചപ്പോൾ പരിവർത്തിതരായിത്തീർന്ന തദ്ദേശീയരുടെ തലമുറകളാണ്. അവർ ഇവിടെ ജനിച്ചവർ ആണ്. മതപരിവർത്തനം കുറ്റകരം ആണെങ്കിൽ ഇന്ത്യയിലെ ഏറ്റവും വലിയ മതപരിവർത്തകൻ കാലടി ശ്രീശങ്കരാചാര്യർ ആയിരുന്നു. അങ്ങനെയാണല്ലോ ബുദ്ധമതം ഇന്ത്യയിൽ അതിന്യൂനപക്ഷമായി മാറിയത്.

ഇന്ത്യയിൽ ചാതുർവർണ്യത്തിന്റെ അടയാളമായ പൂണുൽ സംസ്കാരം ആര്യന്മാരുടെ കുത്തകയും ബ്രാഹ്മണ്യത്തിന്റെ അടയാളവും അല്ലായിരുന്നു.അവർ ഇവിടെ വരുന്നതിനു മുമ്പു പൂണൂൽ ധരിച്ചിരുന്ന തദ്ദേശീയരായ ജനസമൂഹം ഇവിടെയുണ്ടായിരുന്നു വിശ്വകർമ്മജർ. ആ ജനവിഭാഗത്തിൽ ആചാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കല്ലാശാരി (ശില്പി) എന്നിങ്ങനെ അഞ്ചു സമൂഹങ്ങൾ പ്രബലമായിരുന്നു ഒരു കാലമുണ്ടായിരുന്നു. ഇൻഡ്യയിലെ ക്ഷേത്രനിർമ്മിതികൾ അവരുടെ സംഭാവനയാണ്. അവർ ഒരു അപ്പന്റെ മക്കളായിരുന്നു. തൊഴിലിന്റെ അടിസ്ഥാനത്തിൽ അഞ്ചുഗോത്രങ്ങളായി തിരിഞ്ഞവർ. തങ്ങൾ ഒന്നാണ് എന്നതിന്റെ സൂചനയായി അവർ പൂണൂൽ ധരിച്ചിരുന്നു. അതിനു അഞ്ചുനൂലുകൾ ഉണ്ടായിരുന്നു. (ഇതു ഞാൻ നേരിൽ കണ്ടിട്ടുണ്ട്). അതിനെയാണു ജാതിവ്യവസ്ഥ എന്ന നിലയിൽ ചാതുർവർണ്യം ആക്കിത്തീർത്തത്. ഇതെല്ലാം ചരിത്ര യാഥാർത്ഥ്യങ്ങൾ ആണെങ്കിലും ഏട്ടിൽ എഴുതിയിടാൻ കൊള്ളാം. അധികാരവും ആയുധം കയ്യിലുള്ളവൻ പറയുന്നതു മാത്രമാണു സത്യമെന്നു വന്നിരിക്കുന്നു.

ഇപ്പോൾ പാക്കിസ്ഥാനിലും ക്രൈസ്തവസമൂഹം കടുത്ത പീഡനത്തിലൂടെയാണു കടന്നു പോകുന്നത്. മുമ്പു വൈരികളായിരുന്ന പീലാത്തോസും ഹെരോദാവും യേശുവിന്റെ കാര്യത്തിൽ ഒന്നായിത്തീർന്നു എന്നു പറഞ്ഞതുപോലെയായി ഇന്ത്യയിലെയും പാകിസ്ഥാനിലെയും ക്രിസ്ത്യാനികളുടെ സ്ഥിതിഗതികൾ. ദൈവികമായ ഒരു പരിഹാരം അല്ലാതെ നീതി എങ്ങുനിന്നും ആരും പ്രതീക്ഷിക്കേണ്ട. ബൈബിളിൽ 'എസ്ഥേർ' എന്നൊരു പുസ്തകം ഉണ്ടെങ്കിൽ; അന്നു ദൈവം ഇടപെട്ടെങ്കിൽ ആ ദൈവം ഇന്നും മതിയായവൻ, ശക്തൻ.



പാസ്റ്റർ സണ്ണി പി സാമുവൽ

## ക്ഷിണിച്ചുപോകരുത്; ആത്മാവിൽ നിറയുക: പാസ്റ്റർ ഐ ജോൺസൺ കുണ്ടറ

കുമ്പനാട്: ലോക ജീവിതത്തിൽ തളർന്നുപോകാതെ ആത്മനിറവിൽ ദൈനം ദിനം മുന്നേറണമെന്ന് പാസ്റ്റർ ഐ ജോൺസൺ കുണ്ടറ പ്രസ്താവിച്ചു. സൗദിയിൽ ജോലിചെയ്തിരുന്ന പെന്തക്കോസ്തു സമൂഹത്തിന്റെ ഐക്യവേദിയായ കെഎസ്സ്എ പെന്തെക്കോസ്റ്റൽ കമ്മ്യൂണിറ്റിയുടെ ആത്മീയ സംഗമമായ സ്റ്റെറിസോ 2023 ൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

കുമ്പനാട് ഐപിസി ഹെബ്രോൺ ഹാളിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ തോമസ് നൈനാൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ജെയിംസ് ജോൺ തോന്നിയാമലയും സ്റ്റെറിസോ ടീമും പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം വഹിച്ചു. പാസ്റ്റർമാരായ കെ കെ ഷാജി, സാം മാത്യു എന്നിവരോടൊപ്പം കെഎസ്സ്എ ടീം അംഗങ്ങളും സമ്മേളനത്തിന് നേതൃത്വം കൊടുത്തു. ലോകത്തിന്റെ വിവിധ ഭാഗത്തിൽ നിന്നുള്ള വിശ്വാസികൾ സമ്മേളനത്തിൽ പങ്കെടുത്തു.

## യൂ.കെയിൽ എ ലെവൽ പരീക്ഷയിൽമുഴുവൻ വിഷയത്തിലും എ സ്റ്റാർ നേടി എഡ് സജി



ലണ്ടൻ: യൂ.കെയിൽ സർവകലാശാലാ പ്രവേശനം നേടുന്നതിന് പ്രാഗൽഭ്യം തെളിയിക്കുന്നതിൽ സുപ്രധാനമായ എ ലെവൽ പരീക്ഷ ഫലം പുറത്തു വന്നപ്പോൾ ലണ്ടനിലെ ഈസ്റ്റ്ഹാമിൽ താമസിക്കുന്ന എഡ് സജിക്ക് ഉന്നത വിജയം. എഡിന് മുഴുവൻ വിഷയങ്ങളിലും എ സ്റ്റാർ ലഭിച്ചു. ജി സി എസ് ഇ പരീക്ഷയിൽ നേടിയ ഫുൾ സ്കോർ വിജയം തന്നെയാണ് എ ലെവലിലും ആവർത്തിച്ചിരിക്കുന്നത്. ലണ്ടനിലെ ബ്രാംപ്ടൺ മനോർ അക്കാദമിയിൽ പഠിച്ച എഡ് സജിക്ക് മാത്സ്, ഫർദർ മാത്സ്, ഇക്കണോമിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിലാണ് എ സ്റ്റാറുകൾ ലഭിച്ചത്. എഡ് സജി തന്റെ ഭാവി ജീവിതം ലക്ഷ്യമിടുന്നത് കംപ്യൂട്ടർ സയൻസ് കോഴ്സിലാണ്. കംപ്യൂട്ടർ സയൻസ് പഠിക്കുന്നതിനു യുകെയിലെ തന്നെ ഏറ്റവും മികച്ച സർവകലാശാലയായ ഓക്സ്ഫോർഡ് സർവകലാശാലയിലേക്കാണ് തുടർന്നുള്ള പഠനത്തിനായി എഡ് കടന്നുപോകുന്നത്. ലോകത്തിന്റെ ഭാവി ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ആയിരിക്കും എന്നുറപ്പിക്കുന്ന അനേകം ചെറുപ്പക്കാരാണ് കംപ്യൂട്ടർ സയൻസിലേക്ക് ഇപ്പോൾ ആവേശത്തോടെ എത്തിക്കൊണ്ടിരിക്കുന്നത്. ലണ്ടൻ പെന്തക്കോസ്ത് സഭയിലെ സജീവ കുടുംബമായ തൃശൂർ വടക്കാഞ്ചേരി സ്വദേശികളായ സജിപീലി ബിന്ദു സജി ദമ്പതികളുടെ നാലു മക്കളിൽ ഒരാളാണ് എഡ്. ഫെൻ സജി, റെ സജി എന്നിവർ സഹോദരന്മാരും നിസ് സജി ഏക സഹോദരിയുമാണ്. സഭയിലെ സണ്ടേസ്കൂൾ യുവജന പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ് എഡ്. 2007 മുതൽ യുകെയിൽ സ്ഥിരതാമസമാണ് എഡിന്റെ കുടുംബം.


Christian Live (Malayalam) Advertisement Tariff

**Full Page**

Front – 5000 INR
Back – 4000 INR
Inside- 3000 INR

**Half Page**

Front - 2500 INR
Back- 2000 INR
Inside -1500 INR

**Quarter Page**

Front - 1250 INR
Back - 1000 INR
Inside- 750 INR

**Half of Quarter Page**

Front - 750 INR
Back - 500 INR
Inside- 250 INR

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Ipe Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# പാശ്ചാത്യ ഉപരോധങ്ങൾ സിറിയയിലെ ക്രിസ്ത്യൻ സമൂഹത്തെ തളർത്തുകയാണെന്ന് സഭാ നേതാക്കൾ

ആലപ്പോ: സിറിയയ്ക്കെതിരായ സാമ്പത്തിക ഉപരോധം ക്രിസ്ത്യൻ സമൂഹത്തെ തളർത്തുന്നതായി സിറിയയിലെ സഭാ നേതാക്കൾ. ഉപരോധം രാജ്യത്ത് മാനുഷിക സഹായം നൽകുന്നത് മിക്കവാറും അസാദ്ധ്യമാക്കുന്നുവെന്ന് ഇറ്റാലിയൻ സർക്കാർ ഉദ്യോഗസ്ഥൻ ആൽഫ്രഡോ മനോവാനോയോട് ഹോംസിലെ ആർച്ച് ബിഷപ്പ് ജാക്ക് മൌറാദ് പറഞ്ഞു.



ഉപരോധം അതിന്റെ ഉദ്ദേശിച്ച ലക്ഷ്യത്തേക്കാൾ, സിറിയൻ സർക്കാരിനേക്കാൾ ക്രിസ്ത്യാനികളിലാണ് പ്രതികൂല സാഹചര്യം സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വൈദ്യുതി, ഭക്ഷണം, മരുന്ന് തുടങ്ങിയ ആവശ്യ സാധനങ്ങൾ വാങ്ങാൻ സാധാരണക്കാർ ബുദ്ധിമുട്ടുകയാണെന്ന് ആലപ്പോ ആർച്ച് ബിഷപ്പ് അന്റേയിൻ ചാഹ്ദ പറഞ്ഞു.

നിരവധി സ്കൂളുകൾ അടച്ചുപൂട്ടുകയോ ദേശസാൽക്കരിക്കുകയോ ചെയ്യുന്നത് രാജ്യത്തെ കത്തോലിക്കാ വിദ്യാഭ്യാസ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചുവെന്നും ഇത് പഠനത്തെയും മതാന്തര സംവാദത്തെയും സമൂലവൽക്കരണം തടയുന്നതിനെയും ബാധിക്കുന്നുവെന്ന് അരീറ്റുസയിലെ ബിഷപ്പ് റാമി അൽ കബാലൻ ആശങ്ക അറിയിച്ചു. വർഷങ്ങളായി തുടരുന്ന ആഭ്യന്തര യുദ്ധം മൂലം സിറിയയിലെ ക്രിസ്ത്യൻ സമൂഹം 20 ലക്ഷത്തിൽനിന്നും 3 ലക്ഷമായി കുറഞ്ഞുവെന്നും റിപ്പോർട്ടുകളുണ്ട്.

## ക്രൈസ്തവരുടെ 20 ദേവാലയങ്ങളും 87 ഭവനങ്ങളും തകർത്ത് തീവ്ര ഇസ്ലാമിസ്റ്റുകൾ

ലാഹോർ: പാക്കിസ്ഥാനിൽ മതനിന്ദ ആരോപിച്ച് തീവ്ര ഇസ്ലാമിസ്റ്റുകൾ തകർത്തത് ഇരുപതിൽ അധികം ക്രിസ്ത്യൻ ദേവാലയങ്ങളും ക്രൈസ്തവരുടെ 87 ഭവനങ്ങളും. ഇന്നലെ പോലീസ് സർക്കാരിന് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിലാണ് ഇക്കാര്യം അറിയിച്ചിരിക്കുന്നത്. ലാഹോറിൽ നിന്ന് 130 കിലോമീറ്റർ അകലെ ഫൈസലാബാദ് ജില്ലയിലെ ജരൻവാല തെഹ്സിലിൽ ആക്രമണം അഴിച്ചുവിട്ട ജനക്കൂട്ടത്തിന് നേതൃത്വം നൽകിയവരിൽ ഇസ്ളാമിക തീവ്രവാദി സംഘടനയായ തെഹ്രീക്ഇലബ്ബായിക് പാക്കിസ്ഥാൻ ഘടകങ്ങളുടെ സാന്നിധ്യമുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.



മതനിന്ദ പരാമർശമുള്ള ഖുറാൻ താളുകൾ കണ്ടെത്തിയെന്ന ആരോപണത്തെത്തുടർന്നാണ് ഫൈസലാബാദ് നഗരപ്രാന്തത്തിലെ ജരൻവാലയിൽ തീവ്ര ഇസ്ലാമിസ്റ്റുകൾ ക്രൈസ്തവ വിരുദ്ധ ആക്രമണം അഴിച്ചുവിട്ടത്. ക്രിസ്ത്യൻ ഭവനങ്ങളും പള്ളികളും ആക്രമിക്കാൻ മോസ്ക്കിൽ നിന്നു ആഹ്വാനം നൽകിയ മതപുരോഹിതൻ ഉൾപ്പെടെ 145 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിനിടെ, ക്രിസ്ത്യൻ കുടുംബങ്ങൾ, തകർന്ന വാസസ്ഥലങ്ങളിലേക്ക് മടങ്ങാൻ തുടങ്ങി. തീവ്ര ഇസ്ലാമിസ്റ്റുകളുടെ ആക്രമണത്തിന് മുന്നിൽ തങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ നൽകുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി ക്രൈസ്തവർ ദുഃഖത്തോടെ പങ്കുവെച്ചതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

അതേസമയം അക്രമം നടന്നു രണ്ടാം ദിവസമായ ഇന്നലെയും ജരൻവാലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും മാർക്കറ്റുകളും വ്യാപാര സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയാണ്. അടുത്ത ചൊവ്വാഴ്ചയോടെ പ്രദേശത്തെ എല്ലാ ക്രൈസ്തവ ദേവാലയങ്ങളും പുനരുദ്ധരിക്കുമെന്നും വീടുകൾ തകർന്ന ക്രിസ്ത്യൻ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുമെന്നും പഞ്ചാബ് മുഖ്യമന്ത്രി മൊഹ്സിൻ നഖ്വി ഇന്നലെ പറഞ്ഞു. ജരൻവാലയിൽ സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികൾ ഒഴികെ എല്ലാത്തരം സമ്മേളനങ്ങളും നിരോധിച്ചുകൊണ്ട് ജില്ലാ ഭരണകൂടം കർഫ്യൂ ഏർപ്പെടുത്തിയിരിക്കുകയാണ്.

## നിത്യതയിൽ

കൊട്ടാരക്കര: ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൊട്ടാരക്കര നോർത്ത് സെന്ററിൽ, കലയപുരം സഭാ ശുശ്രൂഷകൻ പാസ്റ്റർ സാംകുട്ടി എം. ജോർജ് (48) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം പിന്നീട്. ആന്തരീകാവയവങ്ങളിൽ ഉണ്ടായ അണുബാധയെ തുടർന്ന് ചില ദിവസങ്ങളായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ആയിരുന്നു.



പാസ്റ്റർ സാംകുട്ടി എം. ജോർജ്

## ഹെയ്തിയിൽ ആയുധധാരികളുടെ തടങ്കലിൽ നിന്നും മോചനം നേടി അമേരിക്കൻ വനിത

പോർട്ട് ഓ പ്രിൻസ്: തടവിൽ കഴിഞ്ഞ നാളുകളിൽ ദൈവിക സാനിധ്യം ഒപ്പമുണ്ടായിരിന്നുവെന്നു മോചനം ലഭിച്ച അമേരിക്കൻ സ്വദേശിനിയായ നേഴ്സ് അലിക്സ് ഡോർസേയിൻവില്ലിന്റെ വെളിപ്പെടുത്തൽ. എൽ റോയ് ഹെയ്തി ക്രിസ്ത്യൻ എജ്യൂക്കേഷൻ മിനിസ്ട്രി ക്യാമ്പസിൽ നിന്നുമാണ് ആയുധധാരികൾ അലക്സിനെയും, മകളെയും തട്ടിക്കൊണ്ടു പോകുന്നത്. ഈ സമയത്ത് അലിക്സ് ക്ലിനിക്കിൽ രോഗികളെ ശുശ്രൂഷിക്കുകയായിരുന്നു. അമ്മയും, മകളും സുരക്ഷിതരാണെന്നും, ആരോഗ്യത്തോടെ ഇരിക്കുന്നുവെന്നും മിനിസ്ട്രി അറിയിച്ചിട്ടുണ്ട്.



തടവിലായിരുന്ന സമയത്തും അതിനുശേഷവും ലഭിക്കുന്ന പ്രാർത്ഥനക്കും, പിന്തുണയ്ക്കും അലിക്സ് ഡോർസേയിൻവില്ല് എൽ റോയ് ഹെയ്തിയുടെ പ്രസ്താവനയിൽ നന്ദി അറിയിച്ചു. അലിക്സും, ഭർത്താവ് സാന്ദ്രോ ഡോർസേയിൻവില്ലും കൂടി ആരംഭിച്ചതാണ് എൽ റോയ് ഹെയ്തി. ഹെയ്തി സർക്കാരിന്റെ കൂടെ സഹായത്തോടെ അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറാണ് ഇവരുടെ മോചനം സാധ്യമാക്കിയത്.

## ഏറ്റവും വലിയ കയ്യെഴുത്ത് മലയാളം ബൈബിൾ : വേൾഡ് റെക്കോർഡ് കരസ്ഥമാക്കി പ്രവാസി മലയാളി കുടുംബം

ദുബായ്:ലോകത്തെ ഏറ്റവും വലിയ കയ്യെഴുത്ത് മലയാളം ബൈബിൾ ഒരുക്കിയ നാലംഗ പ്രവാസി മലയാളി കുടുംബം യു.ആർ.എഫ് വേൾഡ് റെക്കോർഡിന് അർഹരായി. ദുബായി മാർത്തോമ ഇടവക അംഗങ്ങളായ തിരുവല്ല അഴിയിടത്തുചിറ കുഴിക്കാട്ട് വീട്ടിൽ മനോജ് എസ്സ് വർഗീസും ഭാര്യ ഡോ.സൂസനും മക്കളായ കരുണും കൃപയും ചേർന്ന് 417 ദിവസം കൊണ്ടാണ് ബൈബിളിന്റെ ലോകത്തെ ഏറ്റവും വലിയ മലയാളത്തിലുള്ള കയ്യെഴുത്ത് കോപ്പി തയ്യാറാക്കിയിരിക്കുന്നത്. 36 കിലോഗ്രാം ഭാരമുള്ള 'എ2' പേപ്പർ സൈസിൽ 70ൽ പരം പേജുകളിൽ ചിത്രങ്ങളും ഉൾപെടുത്തി എഴുതിയുണ്ടാക്കിയ ഈ ഭീമൻ ബൈബിളിൽ 1795 പേജുകളാണുള്ളത്. 65.5 സെ.മീറ്റർ നീളവും, 48.5 സെ.മീറ്റർ വീതിയുമുള്ള ബൈബിൾ കയ്യെഴുത്ത്പ്രതി ദുബായിലെ ട്രൂലൈൻ കമ്പനിയാണ് ബൈൻഡ് ചെയ്തത്. പുറംചട്ട നിർമ്മിച്ചിരിക്കുന്നത് ഇറ്റാലിയൻ ലതറിൽ ആണ്. ഇതിന് മുമ്പ് 2020ൽ മനോജും കുടുംബവും തയ്യാറാക്കിയ ബൈബിളിന്റെ ഇംഗ്ലീഷിലുള്ള കൈയെഴുത്ത് പ്രതി ഗിന്നസ് വേൾഡ് റെക്കോർഡും, യു.ആർ.എഫ് വേൾഡ് റെക്കോർഡിലും ഇടം പിടിച്ചിരുന്നു.

36 കിലോഗ്രാം ഭാരമുള്ള 'എ2' പേപ്പർ സൈസിൽ 70ൽ പരം പേജുകളിൽ ചിത്രങ്ങളും ഉൾപെടുത്തി എഴുതിയുണ്ടാക്കിയ ഈ ഭീമൻ ബൈബിളിൽ 1795 പേജുകളാണുള്ളത്




# പാസ്റ്റർ ജേക്കബ് ജോസഫിന് ഇന്നവേഷൻ അവാർഡ്



ഇരവിപേരൂർ : പരിസരത്തിന് ദുർഗന്ധമായി മാറുന്ന മത്സ്യ മാംസ അവശിഷ്ടങ്ങൾ ഉമിക്കരി ഉപയോഗിച്ച് ദുർഗന്ധമില്ലാത്ത സമ്പുഷ്ടമായ വളമാക്കി മാറ്റുന്ന പ്രവർത്തനത്തിനാണ് ഇരവിപേരൂരുള്ള ഗിൽഗാൽ ആശ്വാസ ഭവൻ ഡയറക്ടർ പാസ്റ്റർ ജേക്കബ് ജോസഫിന് (പ്രിൻസ് പാസ്റ്റർ) അവാർഡ് ലഭിച്ചത്. കർഷക ദിനമായ ചിങ്ങം 1ന് (ഓഗസ്റ്റ് 17) ഇരവിപേരൂർ ഗ്രാമ പഞ്ചായത്തിന്റെയും, കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ കർഷകരെ ആദരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ മന്ത്രി വീണാ ജോർജിൽ നിന്നുമാണ് പുരസ്കാരം ഏറ്റുവാങ്ങിയത്.

# നെപ്റ്റ്യൂണിലെ മേഘങ്ങൾ അപ്രത്യക്ഷമാകുന്നു

# കണ്ടെത്തലുമായി ശാസ്ത്രജ്ഞർ



കാലിഫോർണിയ:സൗരയൂഥത്തിൽ സൂര്യന് ഏറ്റവും അകലെയുള്ള ഗ്രഹമായ നെപ്റ്റിയൂണിന്റെ മേഘങ്ങൾ ദുരൂഹമായി അപ്രത്യക്ഷമാകുന്നെന്ന് കണ്ടെത്തൽ. സോളാർ സൈക്കിൾ, സൗരപ്രതിഭാസങ്ങൾ എന്നിവ ഇതിനെ സ്വാധീനിക്കുന്നുണ്ടെന്നും ശാസ്ത്രജ്ഞർ കണ്ടെത്തി. മൂന്ന് പതിറ്റാണ്ട് കാലത്തെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ മാറ്റം കണ്ടെത്തിയിരിക്കുന്നത്. വർഷങ്ങളായി ഹബ്ബിൾസ് ടെലസ്കോപ് പകർത്തിയ നെപ്റ്റിയൂണിന്റെ ദൃശ്യങ്ങൾ പരിശോധിച്ചാൽ മേഘവിന്യാസത്തിലെ മാറ്റം വ്യക്തമാകും. 11 വർഷം നീളുന്ന സോളാർ സൈക്കിളും അതിനോടനുബന്ധിച്ച് ഉണ്ടാകുന്ന കാന്തിക മണ്ഡലത്തിന്റെ ഏറ്റക്കുറച്ചിലും മേഘങ്ങൾ അപ്രത്യക്ഷമാകുന്ന പ്രതിഭാസത്തെ സ്വാധീനിക്കുന്നുവെന്നാണ് നിഗമനം. സൂര്യന് ഏറ്റവും അകലെയുള്ള ഗ്രഹമാണ്, ഭൂമിയിൽ ലഭിക്കുന്നതിന്റെ 0.1% സൂര്യപ്രകാശം മാത്രമേ നെപ്റ്റിയൂണിൽ പതിക്കുന്നുള്ളൂ എന്നീ വസ്തുതകൾ നിലനിൽക്കുമ്പോഴും സൗരപ്രതിഭാസങ്ങളെ എങ്ങനെ ഗ്രഹത്തിന് മേൽ ഇത്ര സ്വാധീനം ചെലുത്തുന്നു എന്നതാണ് ശാസ്ത്രജ്ഞരെ കൗതുകത്തിലാക്കുന്നത്. നെപ്റ്റിയൂണിലെ വിവിധ കാലങ്ങൾക്ക്(seasons) മേഘങ്ങളുടെ അപ്രത്യക്ഷമാകലുമായി ബന്ധമില്ലെന്നും ശാസ്ത്രലോകം വിലയിരുത്തുന്നു.

ഹബിൾസ് ടെലസ്കോപിന് പുറമെ ഹവായിയിലെ ഡബ്ല്യൂ എം കെക്ക് ഒബ്സർവേറ്ററി, കാലിഫോർണിയയിലെ ലിക്ക് ഒബ്സെർവേറ്ററി എന്നിവയും പഠനത്തിൽ ഭാഗവാക്കായി. നിലവിൽ നെപ്റ്റിയൂണിനെ ചുറ്റിയുള്ള മേഘ വിന്യാസം വളരെ നേർത്തതാണ്. ഗ്രഹത്തിന്റെ ദക്ഷിണധ്രുവത്തിന് മീതെ മാത്രമാണ് കാര്യമായി മേഘങ്ങൾ ഇപ്പോഴുള്ളൂ. കാലിഫോർണിയ സർവകലാശാലയിലെ ജ്യോതിശാസ്ത്രജ്ഞരുടെ സംഘമാണ് ഗ്രഹത്തിന്റെ മധ്യ അക്ഷാംശങ്ങളിൽ സാധാരണ കാണാറുള്ള മേഘങ്ങൾ മങ്ങിത്തുടങ്ങുന്നതായി 2019 ൽ ആദ്യമായി കണ്ടെത്തുന്നത്. 2002 മുതൽ 2022 വരെ കെക്ക് ഒബ്സർവേറ്ററി എടുത്ത ചിത്രങ്ങളും 1994 മുതൽ ഹബ്ബിൾ സ്പെയ്സ് ടെലസ്കോപ് നടത്തിയ നിരീക്ഷണങ്ങളും 2018 മുതൽ 2019 വരെ ലിക്ക് ഒബ്സർവേറ്ററി കണ്ടെത്തിയ വിവരങ്ങളും പിന്നീട് പഠനവിധേയമാക്കുകയായിരുന്നു.

# കോഴിക്കോട് ആപ്കോൺ നേതൃത്വം നൽകുന്ന ഗോസ്പെൽ ഫെസ്റ്റ് ആഗസ്റ്റ് 26 ന്

കോഴിക്കോട് : കോഴിക്കോടുള്ള പാസ്റ്റർമാരുടെ ഐക്യ വേദിയായ യുണൈറ്റഡ് പെന്തക്കോസ്റ്റൽ കോൺഫറൻസ് നേതൃത്വം നൽകുന്ന ഗോസ്പെൽ ഫെസ്റ്റ് ആഗസ്റ്റ് 26ന് കോഴിക്കോട് കണ്ണൂർ റോഡിലെ കെ പി സി ഫിലദൽഫ്യ സഭാ ഹാളിൽ നടക്കും. രാവിലെ 10നും വൈകുന്നേരം 6നും നടക്കുന്ന ആത്മീയ സമ്മേളനത്തിൽ സുവിശേഷ പ്രഭാഷകൻ പാസ്റ്റർ ഷാജി എം പോൾ പ്രസംഗിക്കും. ബ്രദർ സാംസൺ ചെങ്ങന്നൂരിന്റെ നേതൃത്വത്തിൽ സംഗീത ശുശ്രുഷ നടക്കും.പാസ്റ്റർമാരായ കെ സി സണ്ണി, നോബിൾ പി തോമസ് എന്നിവർ നേതൃത്വം നൽകും.

# ശാരോൻ സൺഡേ സ്കൂൾ അസോസിയേഷന്റെ ബിരുദദാന ശുശ്രൂഷ സെപ്റ്റംബർ 2ന്

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷന്റെ പ്രഥമ ബിരുദദാന ശുശ്രൂഷ സെപ്തംബർ 2 ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ തിരുവല്ല ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. 2023ലെ വാർഷിക സെക്ഷൻ തല പരീക്ഷയിൽ പന്ത്രണ്ടാം ക്ലാസിൽ വിജയിച്ചവർക്കാണ് ബിരുദം നൽകുന്നത്. റവ.ജോൺ തോമസ്, പാസ്റ്റർ ഏബ്രഹാം ജോസഫ് തുടങ്ങിയവർ മുഖ്യ സന്ദേശം നൽകും. കൂടാതെ മറ്റു കൗൺസിൽ അംഗങ്ങളും മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു.



# നീ എവിടെ? നിന്റെ സഹോദരൻ എവിടെ?



ജീമോൻ മേക്കാട്ട്

**പാ**പം ചെയ്ത മനുഷ്യനാട് ദൈവം ചോദിച്ച ആദ്യ ചോദ്യമാണ് നീ എവിടെ എന്നത്. ഇന്നും അതിപ്രാധാന്യമുള്ള ഒരു ചോദ്യമായി ഇത് നമ്മളിലും അവശേഷിക്കുന്നു. മനുഷ്യൻ എവിടെ? മനുഷ്യത്വം എവിടെ? എന്ന ചോദ്യം ലൗകിക ജീവിതത്തിലും, ആത്മീയ ജീവിതത്തിലും സ്വയം നാം ചോദിക്കണ്ട ഒരു ചോദ്യമാണ്.

മനുഷ്യനിലെ മനുഷ്യത്വം മരവിച്ചു അവർ മൃഗതുല്യരായി തീർന്നു. ആഹാരത്തിനായും ജീവിത നിലവാരത്തിനായും സാമൂഹിക നന്മക്കായും ഉതകേണ്ട പണവും ബുദ്ധിയും സാഹചര്യങ്ങളും സ്വന്തം നിലനില്പ്പിനായി ഉപയുക്തമാക്കുന്ന ഇടുങ്ങിയ ചിന്താഗതിയുള്ളവരായിതീർന്നു എന്നത് ആനുകാലിക സംഭവങ്ങൾ നമ്മെ ഓർമപ്പെടുത്തുന്നു.

ആരാധന കഴിഞ്ഞ് മടങ്ങിയ കയ്യിനോടു ദൈവം ചോദിച്ച ചോദ്യം നീ എവിടെ എന്നതാണ്. നാം എവിടെ എന്ന് നമുക്കും ഒരു ആത്മപരിശോധന ഈ കാലഘട്ടത്തിൽ വളരെ അനിവാര്യമാണ്... നീ എവിടെ എന്ന ആദ്യ ചോദ്യത്തിനു ശേഷം ദൈവത്തിന് ചോദിക്കാനുള്ളത് നിന്റെ സഹോദരൻ എവിടെ എന്നാണ്?

ആ ചോദ്യത്തിനു മുന്നിൽ വീണ്ടും പകച്ച കയ്യിൻ ഒഴിഞ്ഞു മാറാൻശ്രമിക്കുന്നു. ഞാൻ സഹോദരന്റെ കാവൽക്കാരനോ എന്ന മറുചോദ്യമാണ് കയ്യീൻ ഉയർത്തിയത്. നാമും പലപ്പോഴും കൂട്ടുസഹോദരങ്ങളോടുള്ള സ്നേഹവും ഉത്തരവാദിത്വവും മറന്നുകൊണ്ട് കയ്യിനേപ്പോലെ ഇന്നും നിലകൊള്ളുകയാണ്.

ആത്മീയ വയലിൽ കൂട്ടു സഹോദരരുടെ കുലപാതകരായി തീർന്ന നാം, ഇന്നും മനസ്സു തഴമ്പിച്ചവരായി ആത്മീയതയുടെ മുഖംമൂടിയണിഞ്ഞ് നിലകൊള്ളുന്നു. നാം നിമിത്തം മുറിവേറ്റ സഹോദരർ, ഒരുമിച്ച് ആരാധിക്കുന്നവർ പലരും ആത്മിയ കാര്യങ്ങളിൽ നിന്നും മറ്റ് കൂടിവരവുകളിൽ നിന്നും അകന്നുമാറുമ്പോൾ, അവർ അനാത്മികർ എന്നും, ഇന്നും പാലു മാത്രം ഭക്ഷിക്കുന്നവരെന്നും, കട്ടിയാഹാരം ദഹിക്കാത്തവർ എന്നും പറഞ്ഞ് നാം നമ്മുടെ തെറ്റുകൾ മൂടി ആത്മീയതയുടെ പരിവേഷം സ്വയം അണിയുന്നവരായി തീരുന്നു.

തൊഴിൽ മുന്നേറ്റത്തിനും സാമ്പത്തിക നേട്ടത്തിനും കൂടെ ജോലി ചെയ്യുന്നവരെ മുറിവേല്പ്പിക്കുന്ന ആത്മീയപുറം ഭക്തിക്കാർ...
പണത്തിന്റെ അതിർവരമ്പിൽനിന്നുകൊണ്ട് ആത്മീയതയെ തൂക്കി സഹോദരന്റെ കഴിവിനെ കഴിവുകെട്ടതാക്കി സ്വയം മുന്നണിയിലെത്താൻ എന്തു അനാത്മീയതയും കാണിക്കുകയും പറയുകയും ചെയ്യുന്ന ആത്മീയതയുടെ മൂടുപടമണിയുവാൻ നാം ഇന്ന് മടിക്കുന്നില്ല .

നമ്മിലുള്ള നന്മയുടെയും, നേഹത്തിന്റെയും, ആർദ്രതയുടെയും, സഹോദരസ്നേഹത്തിന്റെയും ശുദ്ധഹാബേലിനെ നാം പലപ്പോഴും കുല ചെയ്തിട്ട്, നമ്മിൽ തന്നെയുള്ള കയ്യിനേ സ്വന്ത ഉയർച്ചക്കായി താലോലിക്കുന്ന കപട ആത്മീയത ധരിക്കുന്നവരായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു.

നമ്മിലെ കയ്യിനെ നമുക്ക് വലിച്ചെറിയാം... ഹാബേലായി തീരട്ടെ നമ്മുടെ ഹൃദയം. ഹാബേലുമാർ മാത്രം നിറഞ്ഞതാകട്ടെ നമ്മുടെ സമൂഹവും നമ്മുടെ സഭകളും.!

# സെൻറ് മേരീസ് ബസിലിക്ക പള്ളിയിൽ പുതിയ വികാരി സ്ഥാനമേറ്റു

കൊച്ചി:എറണാകുളം അങ്കമാലി അതിരൂപതയ്ക്കു കീഴിലുള്ള സെന്റ് മേരീസ് ബസിലിക്ക പള്ളിയിൽ പുതിയ വികാരി സ്ഥാനമേറ്റു. ഫാദർ ആന്റണി പൂതവേലിൽ ആണു പുതിയ വികാരി. ഇന്ന് പുലർച്ചെ കനത്ത പൊലീസ് കാവലിലാണ് വികാരി ചുമതല ഏറ്റെടുത്തത്. ഒരു മാസംമുൻപാണ് ഫാ. ആന്റണി പൂതവേലിലിനെ പുതിയ വികാരിയായി നിയമിച്ചത്. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആണു നിയമനം നടത്തിയത്. എന്നാൽ, ഏകീകൃത കുർബാന തർക്കത്തെ തുടർന്ന് ഒരു വർഷമായി അടഞ്ഞുകിടക്കുകയായിരുന്നു പള്ളി. ഇതിനാൽ, സ്ഥാനമേറ്റെടുപ്പും .



CNL MEDIA
Vol. 2 Issue 197
CHRISTIANLIVE DAILY
19 Saturday
Pages 5
566

